# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 485 — 29-06-2015-ൽ മറുപടി നൽകേണ്ടിയിരുന്നത്.

**<u>അധിക നികുതിയിലൂടെയുള്ള വരുമാനം</u>**

| | ചോദ്യം<br>ശ്രീ. ഇ.പി.ജയരാജൻ | | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | 2011-2012 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയതെന്ന് വ്യക്തമാക്കുമോ; ഇതിലൂടെ എത്രതുകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | 2011-2012 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 415.75 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 373.04 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. |
| (ബി) | 2012-2013 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത്; ഇതിലൂടെ എത്രതുകയുടെ അധിക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 2012-2013 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 1066.00 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 1203.38 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 115 കോടി രൂപയുടെ അധിക നികുതിയാണ് ചുമത്തിയിരുന്നത്. ഇതിലൂടെ പ്രതീക്ഷിത നികുതി വരുമാനം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നികുതി നിരക്ക് അനുസരിച്ച് 4402.31 ലക്ഷം രൂപയുടെ വരുമാനം ലഭിച്ചു. |

| | | | |
|---|---|---|---|
| (സി) | 2013-2014 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത്; ഇതിലൂടെ എത്രതുകയുടെ വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | (സി) | 2013-2014 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 1138.33 കോടി രൂപയുടെ അധിക നികുതി ചുമത്തിയിരുന്നു. ഇതിലൂടെ 1113.25 കോടി രൂപയുടെ നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിൽ 200 കോടി രൂപയുടെ അധിക നികുതി ലക്ഷ്യമിട്ടിരുന്നു. നികുതി ഇനത്തിൽ ആകെ 2353.48 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) | 2014-2015 വർഷത്തിലെ ബഡ്ജറ്റിലൂടെ എത്ര തുകയുടെ അധിക നികുതികളാണ് ചുമത്തിയത്; ഇതിലൂടെ എത്രതുകയുടെ വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ? | (ഡി) | 2014-2015 വർഷത്തിലെ ബഡ്ജറ്റിലൂടെ വാണിജ്യ നികുതി വകുപ്പിൽ 610.45 കോടി രൂപയുടെ അധിക നികുതി നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. ഇതിലൂടെ വാണിജ്യ നികുതിയിനത്തിൽ 540.96 കോടി രൂപയുടെ അധിക നികുതി വരുമാനം ലഭിച്ചു. ലാന്റ് റവന്യൂ വകുപ്പിൽ അടിസ്ഥാന ഭൂനികുതി ഇനത്തിൽ വർദ്ധിപ്പിച്ച നിരക്ക് അനുസരിച്ച് 53.83 കോടി രൂപയുടെ വരുമാനം ലഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 4.09 കോടി രൂപയുടെ നികുതി വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ അധിക നികുതിയായി 154.85 കോടി രൂപയാണ് ചുമത്തിയത്. ഇതിലൂടെ പ്രതീക്ഷിച്ച വരുമാനം ലഭിച്ചു. രജിസ്ട്രേഷൻ വകുപ്പിൽ 100 കോടി രൂപയുടെ അധിക നികുതി വരുമാനം ലക്ഷ്യമിട്ടിരുന്നു. ഇതുൾപ്പെടെ നികുതി ഇനത്തിൽ 2390.23 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. |

(signature)

**സെക്ഷൻ ഓഫീസർ.**